കേന്ദ്രത്തിൽനിന്നും വിവിധ വൈദ്യുത പരിപാടികളുടെ പേരിൽ ലഭിച്ച ധനസഹായം

10 [2760] *ശ്രീ. കെ. സി. ജോസഫ്:*
ശ്രീമതി മേഴ്സി രവി:
ശ്രീ. ടി. യു. രാധാകൃഷ്ണൻ:
,, എം. എം. ഹസ്സൻ:
,, കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭയുടെ കാലത്ത് കേന്ദ്രത്തിൽനിന്നും സംസ്ഥാനത്തെ വിവിധ വൈദ്യുത പരിപാടികളുടെ പേരിൽ ഇതുവരെ എന്തു തുക കിട്ടിയിട്ടുണ്ട്;

(ബി) എന്തെല്ലാം പരിപാടികൾക്കുവേണ്ടിയാണ് ഈ തുക കിട്ടിയത് എന്നറിയിക്കാമോ?

ഉത്തരം

(എ) & (ബി) ഈ മന്ത്രിസഭയുടെ കാലത്ത് കേന്ദ്രത്തിൽനിന്നും വിവിധ വൈദ്യുത പരിപാടികൾക്ക് കെ. എസ്. ഇ. ബി.-ക്ക് ലഭിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

നമ്പർ	*പദ്ധതിയുടെ പേര്*	*ലഭിച്ച തുക കോടിയിൽ*
1	എ. പി. ഡി. ആർ. പി.	230.55
2	പി. എം. ജി. വൈ.	5.945
3	കുടിർജ്യോതി/ ബി. പി. എൽ.	20.73
	ആകെ തുക	**257.225**

മേൽപ്പറഞ്ഞ തുക ലഭിച്ചത് കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ഊർജ്ജിത ഊർജ്ജ വികസന പരിഷ്കരണ പദ്ധതിക്കും (എ.പി.ഡി.ആർ.പി.) പട്ടികജാതി/പട്ടികവർഗ്ഗ കോളനികളുടെ വൈദ്യുതീകരണത്തിലേക്കുള്ള പ്രധാനമന്ത്രി ഗ്രാമോദയ യോജനയ്ക്കും (പി. എം. ജി. വൈ.) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് സൗജന്യ വൈദ്യുതി എത്തിക്കുന്നതിലേക്കുള്ള കുടിർജ്യോതി/ ബി.പി.എൽ. പദ്ധതിക്കുമാണ്.

LIBRARY ARCHIVES Kerala Legislative Assembly